പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1600 — 21.03.2012 ൽ മറുപടിയ്ക്ക്

**കർഷകരജിസ്ട്രേഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി. സി. ജോർജ്<br>,, തോമസ് ഉണ്ണിയാടൻ<br>ഡോ. എൻ. ജയരാജ് | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് കർഷകർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; | **(എ)** ഉണ്ട്. |
| **(ബി)** രജിസ്ട്രേഷൻ നടപടി എപ്രകാരമാണ വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ; | **(ബി)** കർഷകർ നിർദ്ദിഷ്ട ഫോറത്തിൽ അതാതു കൃഷിഭവനുകളിൽ അപേക്ഷ നൽകേണ്ടതാണ്. അടിസ്ഥാന വിവരങ്ങളോടൊപ്പം തന്നെ സീറോ ബാലൻസ് ബാങ്ക് അക്കൗണ്ട് വിവരങ്ങളും ഇതോടൊപ്പം ചേർത്തിരിക്കണം. ഒരു നിശ്ചിത തീയതിക്കുള്ളിൽ അതാത് കൃഷിഭവനുകളിൽ അപേക്ഷ നൽകുന്നതിനാണ് ഇപ്പോൾ നിർദ്ദേശം നൽകിയിരിക്കുന്നത്. പൈലറ്റ് അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ മാത്രമാണ് ഇപ്പോൾ രജിസ്ട്രേഷൻ നടപടികൾ നടത്തുന്നത്. പുതിയ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കും. അത്തരത്തിൽ ലഭ്യമാകുന്ന ഡാറ്റാബേസ് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇതിനായി NIC യുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണ്. കർഷക ഡാറ്റാ ബേസ് യഥാകാലങ്ങളിൽ മാറ്റങ്ങൾ വരുത്തി പുനക്രമീകരിക്കുന്നതിനും സംവിധാനം ഉണ്ടായിരിക്കും. |
| **(സി)** ഇപ്രകാരം ഒരു സംവിധാനം ഏർപ്പെടുത്തുകവഴി കർഷകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ ലഭ്യമാകുക എന്നറിയിക്കുമോ; | **(സി)** 1) വിവിധ ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാക്കും.<br>2) വിവിധ ആനുകൂല്യങ്ങൾക്കായി കർഷകർ ഓഫീസ് കയറിയിറങ്ങുന്നത് ഒഴിവാക്കും. |

| | |
|---|---|
| | 3) കൃഷി ഉദ്യോഗസ്ഥരുടെ സേവനം ഫീൽഡിൽ കാര്യക്ഷമമായി ലഭ്യമാക്കും. |
| (ഡി) പ്രസ്തുതരജിസ്ട്രേഷൻ നടപടികൾ എന്നുമുതൽ പ്രാവർത്തികമാകുമെന്ന് അറിയിക്കുമോ? | (ഡി) പൈലറ്റ് അടിസ്ഥാനത്തിൽ ഇപ്പോൾ വയനാട് ജില്ലയിൽ പ്രാവർത്തികമാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ (2012-13) സംസ്ഥാനം മുഴുവനും ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ